# Desabhimani

## 21 August 2018

## Kochi ; Train And KSRTC Services Restored

# ട്രെയിൻ, കെഎസ്ആർടിസി സർവീസുകൾ പൂർവസ്ഥിതിയിലേക്ക്

**കൊച്ചി**

റെയിൽവേ ഗതാഗതം പൂർണമായും പുനഃസ്ഥാപിച്ചു. ദീർഘദൂര ട്രെയിനുകൾ ഓടാൻ തുടങ്ങി. എല്ലാ പാസഞ്ചർ ട്രെയിനുകളും ഓടിത്തുടങ്ങി. വെള്ളംകയറിയ ഷൊർണൂർ – എറണാകുളം പാതയിലെ കേടുപാടുകൾ തീർത്താണ് ഗതാഗതം പുനഃസ്ഥാപിച്ചത്. ഈ പ്രദേശങ്ങളിൽ കുറച്ചുദിവസത്തേക്ക് വേഗം കുറച്ചാകും ട്രെയിനുകൾ ഓടുക. അതിനാൽ ചില ലിങ്ക് ട്രെയിനുകളും മറ്റു ചില ട്രെയിനുകളും സമയക്രമം പാലിക്കാൻ സാധ്യത കുറവാണെന്നും റെയിൽവേ അറിയിച്ചു.

വെള്ളപ്പൊക്കത്തിനും പ്രളയദുരിതത്തിനും ശേഷം എറണാകുളത്ത് കെഎസ്ആർടിസി സർവീസുകൾ സാധാരണനിലയിലേക്ക്. ഡിപ്പോയിൽനിന്ന് തിങ്കളാഴ്ച നൂറോളം സർവീസുകൾ അയച്ചു. വെള്ളപ്പൊക്കമുണ്ടായ ശേഷം ആദ്യമായാണ് ഇത്രയും സർവീസുകൾ അയക്കുന്നത്. ഡിപ്പോയിൽനിന്ന് തുടങ്ങുന്ന ബംഗളൂരു, കോയമ്പത്തൂർ സർവീസുകളടക്കമാണിത്. മറ്റ് ദീർഘദൂര സർവീസുകളായ തൃശൂർ, പാലക്കാട്, കോഴിക്കോട്, കോട്ടയം എന്നിവിടങ്ങളിലേക്കുള്ള സർവീസുകൾ ഞായറാഴ്ച രാവിലെമുതൽ ആരംഭിച്ചിരുന്നു. തിരുവനന്തപുരത്തേക്ക് അരമണിക്കൂർ ഇടവിട്ട് ദേശീയപാതയിലൂടെയും വൈക്കം ഒഴിവാക്കി കാഞ്ഞിരമറ്റം വഴിയും സർവീസുകളുണ്ട്. കൃത്യമായ സമയക്രമത്തിലല്ലെങ്കിലും എല്ലാ റൂട്ടുകളിലും തിങ്കളാഴ്ച സർവീസ് നടത്തിയെന്ന് ഡിടിഒ കെ കെ സുരേഷ് കുമാർ പറഞ്ഞു. ജീവനക്കാരിൽ പലരുടെയും വീടുകളിൽ വെള്ളം കയറി ദുരിതാശ്വാസക്യാമ്പുകളിലാണ്. മറ്റ് ഡിപ്പോകളിൽനിന്നും ജീവനക്കാരെ എത്തിച്ചാണ് സർവീസുകൾ നടത്തുന്നത്.

കഴിഞ്ഞ ദിവസങ്ങളിൽ ഒരു സർവീസ് പോലുമയക്കാതിരുന്ന ജില്ലയുടെ കിഴക്കൻമേഖലകളായ മൂവാറ്റുപുഴ, പിറവം, കൂത്താട്ടുകുളം, കോതമംഗലം എന്നിവിടങ്ങളിലേക്കും തിങ്കളാഴ്ച സർവീസുകൾ തുടങ്ങി. 105 സർവീസുകളാണ് ഡിപ്പോയിൽനിന്നുള്ളത്.